ശ്രീ. കെ. അവുക്കാദർകുട്ടി നഹ : മദ്രാസ് ഗവണ്മെൻറ് ഇവരെ പിരിച്ചുവിട്ടതിനുശേഷം ശമ്പളം റീഫിക്സുചെയ്തിട്ടും ഇവരുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകാത്തതെന്തുകൊണ്ടാണെന്നു പറയുമോ ?

ശ്രീ. ഠി. അബ്ദുൽ മജീദ് : അതു കടലാസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : രണ്ടുകൊല്ലമായിട്ടും പരിശോധന നടത്തിക്കഴിഞ്ഞതില്ലെന്നാണോ പറയുന്നത് ?

ശ്രീ. ടി. അബ്ദുൽമജീദ് : ഇവർ പെൻഷൻ പറ്റിയതിനുശേഷമാണ് മദ്രാസ് ഗവണ്മെൻറ് ശമ്പളം ഫിക്സ് ചെയ്തത്. ഇപ്പോൾ അതു സംബന്ധിച്ചുള്ള കടലാസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

WRITTEN ANSWERS

സ്ത്രീ അടപ്പു പ്രക്ഷോഭണം.

* 1569. [33] ശ്രീ. കെ. കരുണാകരൻ : തഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ അടപ്പു പ്രക്ഷോഭണത്തിനു വേണ്ടി അങ്കിമുറകളും ആയുധ പരിശീലനങ്ങളും ക്രിസ്ത്യൻ-മുണ്ടകൂറുകാർ പള്ളിമുറ്റങ്ങളിൽ വച്ച് നൽകിവരുന്നതായി ഗവണ്മെൻറിനറിയാമോ ;

(ബി) ഇതിനെ സംബന്ധിച്ച് ഗവണ്മെൻറിന്റെ ദോഷത്തിനും എന്തു നടപടി സ്വീകരിച്ചു വരുന്നു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) അങ്കിതടകളിൽ പരിശീലനം നൽകുന്നതായി അറിവുണ്ട്.

(ബി) പൊതുതാല്പര്യത്തെ പരിഗണിച്ച് വെളിപ്പെടുത്താവുന്നതല്ല.

പോലീസ് നായക്മാർ.

* 1570. [35] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു പോലീസു സൈന്യത്തിൽ എത്ര പേർ നായക്മാരായി ജോലി നോക്കിവരുന്നു ;

(ബി) എം. എസ്. പി. യിലേയും തിരുവനന്തപുരം ഡിസ്ട്രിക്ടിലേയും നായക്മാർക്ക് വ്യത്യസ്ത രീതിയിലാണോ ശമ്പളം നൽകിവരുന്നത് ;

(സി) 1-4-1958 മുതൽ ജി. ഒ. (പി) 150/58 ഫിൻ ഡേറ്റഡ് 23-6-58 അനുസരിച്ചുള്ള നായക്മാർക്കെല്ലാം 55-2-65 ശ്രേണി സ്കെയിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) തിരുവനന്തപുരം ഡിസ്ട്രിക്ടിലെ നായക്മാർക്ക് ഈ സ്കെയിൽ നൽകിയില്ലെന്ന പരാതി ശരിയാണോ ;

(ഇ) ടി തിരുവനന്തപുരം ഡിസ്ട്രിക്ടുകാർക്ക് ഈ സ്കെയിൽ എത്രയും വേഗം നടപ്പാക്കാൻ മയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 271.

(ബി) വ്യത്യസ്ഥരീതിയിലാണ് ശമ്പളം നൽകിവരുന്നത്.

(സി) ഇല്ല. എം. എസ്. പി. യിലേയും തിരുവിതാംകൂർ-കൊച്ചിവിഭാഗത്തിലെ ആംഡ് റിസർവിലേയും നായക്മാർക്ക് ഉദ്യോഗപ്പേര് (designation) ഒന്നാണെങ്കിലും അവരുടെ ജോലിക്കും ചുമതലയ്ക്കും വ്യത്യാസമുണ്ട്. അതിനാൽ ശമ്പളത്തിലും ആ വ്യത്യാസം കാണിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്ടിലെ നായക്മാരോട് മാത്രമായിട്ട് യാതൊരു വ്യത്യാസവും കാണിച്ചിട്ടില്ല. ഉചിതമായ ഒരു ഉദ്യോഗപ്പേര് മലബാറിലെ നായക്മാർക്ക് നൽകുമ്പോൾ ഈ കുഴപ്പത്തിന് പരിഹാരമുണ്ടാകുന്നതാണ്.

(ഡി) സി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS.

ദേവസ്വംബോർഡിലെ ഉദ്യോഗസ്ഥന്മാർ.

379. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട്;

(ബി) ഗസറ്റഡ് ആഫീസറന്മാർ എത്ര, നാൺ ഗസറ്റഡ് ആഫീസർ എത്ര, കണ്ടിജൻസി ഉദ്യോഗമെത്ര;

(സി) ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിതത്തിൽ ആണ്ടിൽ എത്ര രൂപ വേണം;

(ഡി) ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ എത്ര ഹരിജൻ ഉദ്യോഗസ്ഥന്മാരുണ്ട്?

ഉത്തരം.

(എ. ബി. സി. ഡി.) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള നിയമനങ്ങളും ഗവണ്മെന്റിന്റെ പരിധിയിലും നിയന്ത്രണത്തിലും പെടുന്നതല്ലാത്തതിനാൽ ഉത്തരം നൽകുക സാധ്യമല്ല.

പബ്ലിക്ക്മാർക്കറ്റ്.

380. [7] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളിയിൽ ഒരു പബ്ലിക്ക് മാർക്കറ്റ് വേണമെന്ന ആവശ്യപ്പെട്ടുകൊണ്ട് മുളിയിൽനിവാസികളും നീലഹർജികളും പൊതുസംഘടനകളിൽനിന്നും പ്രമേയങ്ങളും അയച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ എടുത്തിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly